20643
3/10/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-പീച്ചി ഫോറസ്റ്റ് റെയിഞ്ചിലെ താളിക്കുഴി സെക്ഷൻ-പൊന്മുടി ബീറ്റിലെ ശങ്കരൻതണ്ട്, മുനിപ്പാറ, ആമക്കരൾ ഭാഗങ്ങളിൽ അനധികൃത മരംമുറി-ശ്രീ.വി.കെ. ഫൽഗുനൻ, ഫോറസ്റ്റ് ഗാർഡ് സർക്കാരിന് സമർപ്പിച്ച ഹർജി തീർപ്പാക്കി ഒ.എ.331/2015 കേസിന്മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.347/2017/വനം തീയതി, തിരുവനന്തപുരം, 17.09.2017

---

പരാമർശം :- 1) 07.06.1994 ലെ തൃശ്ശൂർ സെൻട്രൽ സർക്കിൾ കൺസർവേറ്ററുടെ ജി10-10615/88 നമ്പർ ഉത്തരവ്

2) 23.09.1999 ലെ സ.ഉ.(സാധാ) നം.381/1999/വനം നമ്പർ ഉത്തരവ്

3) 30.09.2008 ലെ ബഹു.ഹൈക്കോടതിയുടെ ഒ.പി.നം.29162/99 നമ്പർ കേസിന്മേലുള്ള വിധിന്യായം

4) 25.08.2009 ലെ തൃശ്ശൂർ സെൻട്രൽ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ ജി1-10615/88 നമ്പർ ഉത്തരവ്

5) ഒ.എ.331/2015 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04.04.2017 ലെ ഉത്തരവ്

6) 05.06.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററിന്റെ എഫ്2-25884/2013 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശ്രീ.വി.കെ. ഫൽഗുനൻ, പീച്ചി ഫോറസ്റ്റ് റെയിഞ്ചിലെ താളിക്കുഴി സെക്ഷനിൽ ഫോറസ്റ്റ് ഗാർഡായി ജോലി നോക്കി വരവെ പൊന്മുടി ബീറ്റിലെ ശങ്കരൻതണ്ട്, മുനിപ്പാറ, ആമക്കരൾ ഭാഗങ്ങളിൽ അനധികൃത മരംമുറി കണ്ടെത്തുകയും മേലുദ്യോഗസ്ഥരുടെ പരിശോധനയിൽ സെക്ഷൻ സ്റ്റാഫ് നടപടിയെടുക്കാത്ത 1 മുതൽ 5 വർഷം വരെ പഴക്കമുള്ള 206 മരക്കുറ്റികൾ കണ്ടെത്തുകയും, ഇതുമൂലം 2,74,850/- രൂപയുടെ സർക്കാർ നഷ്ടം ഉണ്ടായതായി കണക്കാക്കുകയും ടി കുറ്റത്തിന് ശ്രീ.വി.കെ.ഫൽഗുനൻ ഉൾപ്പെടെയുള്ള സ്റ്റാഫുകൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ടിയാൻ ഉൾപ്പെടെ കുറ്റക്കാരെന്ന് കണ്ട 14 ഉദ്യോഗസ്ഥന്മാരുടെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിത

ഫലപ്രാബല്യത്തോടെ തടഞ്ഞുവയ്ക്കുവാനും, സർക്കാർ നഷ്ടം ആനുപാതികമായി ടിയാന്മാരിൽ നിന്നും വസൂലാക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഇപ്രകാരം ശിക്ഷിക്കപ്പെട്ടവർ സമർപ്പിച്ച അപ്പീൽ ഹർജി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) നിരസിച്ചു.

2) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽ ഉത്തരവിനെതിരെ ഫൽഗുനൻ ഉൾപ്പെടെ 4 പേർ സർക്കാരിലേയ്ക്ക് റിവ്യൂ ഹർജികൾ സമർപ്പിച്ചു. റിവ്യൂ ഹർജികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനു വിധേയമായി സർക്കാർ വിശദമായി പരിശോധിക്കുകയും റിവ്യൂ ഹർജികൾ നിരസിച്ചുകൊണ്ടും ഈ കേസുമായി ബന്ധപ്പെട്ട് റിവ്യൂ ഹർജിക്കാരിൽ നിന്നും ഈടാക്കുവാൻ ഉത്തരവായിട്ടുള്ള ആനുപാതിക നഷ്ടത്തുകയ്ക്ക് പുറമേ ഉത്തരവ് തീയതി മുതൽ ടി തുകയ്ക്ക് 9% പ്രതിവർഷ പലിശയും കൂടി സർക്കാരിലേയ്ക്ക് ഈടാക്കുവാൻ തീരുമാനിച്ച് പരാമർശം (2) പ്രകാരം ഉത്തരവായി.

3) ടി ഉത്തരവിനെതിരെ ശ്രീ.ഫൽഗുനൻ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.29162/99 കേസിൽ പരാമർശം (3) പ്രകാരം സർക്കാരിനുണ്ടായിട്ടുള്ള ആകെ നഷ്ടത്തിന്റെ 14-ൽ ഒരു ഭാഗം മാത്രമേ ടിയാനിൽ നിന്നും ഈടാക്കുവാൻ പാടുള്ളുവെന്നും പലിശ ഈടാക്കുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു. ടിയാന്റെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞു വെച്ചിട്ടുള്ള ഉത്തരവിൽ കോടതി ഇടപെട്ടിരുന്നില്ല. ടി കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ടിയാനിൽ നിന്നും സർക്കാർ നഷ്ടമായ 14,961/- രൂപ ഈടാക്കുന്നതിനും മൂന്ന് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാനും ഉത്തരവായിട്ടുണ്ട്.

4) പ്രസ്തുത ശിക്ഷക്കെതിരെ ശ്രീ.വി.കെ.ഫൽഗുനൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.331/2015 നമ്പർ കേസിലെ പരാമർശം (5) പ്രകാരമുള്ള ടി ഉത്തരവിൽ, ഉത്തരവ് ലഭ്യമായി മൂന്നു മാസത്തിനകം ശ്രീ.വി.കെ.ഫൽഗുനൻ സർക്കാരിന് സമർപ്പിച്ച 30.11.2014, 30.12.2015 തീയതികളിലെ ഹർജികൾ തീർപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

5) ശ്രീ.വി.കെ.ഫൽഗുനൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രസ്തുത ഹർജികളിൽ 25.08.2009 ലെ സെൻട്രൽ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ ജി1-10615/88 നമ്പർ ഉത്തരവ് പ്രകാരം ടിയാനിൽ നിന്നും സർക്കാർ നഷ്ടമായ 14961/- രൂപ ഈടാക്കുന്നതിനും മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞ ശിക്ഷ ഇരട്ടിപ്പാണെന്നും ശിക്ഷ റദ്ദാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് 2006 (M) SCC 28, 1976 KLT 29, 1982 KLT 512 1992 (I) KLR 263 തുടങ്ങിയ വിധികളുടെ ലംഘനമാണെന്നും ശിക്ഷണാധികാരിയുടെ ഈ പ്രവർത്തി "double jeopardy" ആണെന്നും വാദിച്ചിട്ടുണ്ട്.

6) കോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. മുമ്പ് പ്രതിവാദ പത്രികയിലും Ext.P9, Ext.P10 ഹർജികളിലും ഉന്നയിച്ച വസ്തുതകൾ തന്നെ നേരിൽ കേട്ടപ്പോഴും ടിയാൻ ആവർത്തിച്ചു. 3

ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാനും ആനുപാതിക നഷ്ടം ഈടാക്കാനുമുള്ള ശിക്ഷ നൽകിയത് വഴി ഒരു കുറ്റത്തിന് രണ്ട് ശിക്ഷയാണ് തനിക്ക് ലഭിച്ചിരിക്കുന്നതെന്നും, അത് നിലവിലുള്ള നിരവധി കോടതി വിധികൾക്ക് എതിരാണെന്നും ടിയാൻ ബോധിപ്പിച്ചു.

7) നേരിൽ കേട്ട വസ്തുതകളും പരാമർശം (6) പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.ഫൽഗുനൻ ഉൾപ്പെടെയുള്ളവർക്കെതിരെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്ക നടപടിയാണ് സ്വീകരിച്ചത്. അച്ചടക്ക നടപടി തീർപ്പാക്കിയതിന്മേൽ സമർപ്പിക്കപ്പെട്ട അപ്പീലും റിവ്യൂ ഹർജിയും നിരസിച്ചിട്ടുണ്ട്. റിവ്യൂ ഹർജിയിൽ സർക്കാർ അപേക്ഷകരെ നേരിൽ കേൾക്കുകയും ശിക്ഷയിൽ ഭേദഗതി വരുത്തേണ്ട യാതൊരു സാഹചര്യവും നിലവിലില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് റിവ്യൂ ഹർജി നിരസിച്ചതും. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്ന കേസുകളിൽ നൽകേണ്ട ശിക്ഷകളുടെ സ്വഭാവം റൂൾ 11 ൽ വിവരിച്ചിട്ടുണ്ട്. അതിൽ വ്യവസ്ഥ ചെയ്യുന്ന ശിക്ഷകൾ സാധുവായതും, പര്യാപ്തവുമായ കാരണങ്ങൾക്കായി ഒരു സർക്കാർ ജീവനക്കാരിൽ ചുമത്താവുന്നതാണ്. സർക്കാർ മുതൽ സംരക്ഷിക്കേണ്ടത് ഓരോ സർക്കാർ ഉദ്യോഗസ്ഥന്റെയും പ്രാഥമിക കർത്തവ്യമായതിനാൽ സർക്കാർ നഷ്ടം സംഭവിക്കുന്ന കേസുകളിൽ കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം ആനുപാതികമായി ഈടാക്കേണ്ടതുണ്ട്. സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന കേസുകളിൽ പ്രസ്തുത നഷ്ടം മാത്രം കാരണക്കാരായവരിൽ നിന്നും ഈടാക്കി മറ്റു ശിക്ഷകൾ നൽകാതെ അച്ചടക്ക നടപടികൾ തീർപ്പാക്കുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും. കുറ്റം കണ്ടുപിടിച്ചാൽ നഷ്ടത്തുക മാത്രം നൽകിയാൽ മതിയാകുമെന്നും അല്ലാതെ സേവനവേതനത്തിലെ ആനുകൂല്യങ്ങളിൽ യാതൊരു കുറവും വരുകയില്ല എന്നുമുള്ള ചിന്താഗതി സർക്കാർ ഉദ്യോഗസ്ഥർക്ക് ഉണ്ടാകുകയും, കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയും ചെയ്യും. വനസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഉത്തമ ബോധ്യമുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രാഥമിക ജോലിയിൽ നിന്നുള്ള വ്യതിചലനം ഈ കേസിൽ സംഭവിച്ചിട്ടുണ്ട്. ഇവിടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഗുരുതരമായ അനാസ്ഥ കൊണ്ടാണ് വ്യാപകമായ മരം മുറി നടന്നതെന്ന് കണ്ടെത്തിയതിനാൽ ആണ് ആനുപാതിക നഷ്ടം ഈടാക്കുന്നതോടൊപ്പം 3 ഇൻക്രിമെന്റ് കൂടി സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞിട്ടുള്ളത്. ഔപചാരികാന്വേഷണം നടത്തിയും, നേരിൽ കേൾക്കാൻ അവസരം നൽകിയും എല്ലാ തരത്തിലുമുള്ള സ്വാഭാവിക നീതിയും, കുറ്റാരോപിതർക്ക് നൽകിയിട്ടുണ്ട്. കുറ്റാരോപിതരിൽ യാതൊരു വിവേചനവും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായിട്ടില്ല. ശിക്ഷാ നടപടി ക്രമങ്ങളെക്കുറിച്ച് യാതൊരു ആക്ഷേപവും

ശ്രീ.ഫൽഗുനൻ ഉന്നയിച്ചിട്ടില്ല രണ്ട് ശിക്ഷ നൽകി എന്ന ടിയാന്റെ വാദം നിലനിൽക്കുന്നതല്ല. Double jeopardy എന്ന വിവക്ഷയിൽ ഈ വിഷയം ഉൾപ്പെടുകയില്ല. ഈ സാഹചര്യത്തിൽ ശ്രീ.ഫൽഗുനന്റെ അച്ചടക്ക നടപടി തീർപ്പാക്കിയ വിഷയം പുനഃപരിശോധിക്കേണ്ട യാതൊരു സാഹചര്യം നിലവിലില്ലാത്തതിനാൽ, ടിയാൻ സമർപ്പിച്ച ഹർജികൾ നിരസിച്ചുകൊണ്ട് ഒ.എ.331/15 നമ്പർ കേസിലെ 04.04.2017 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.വികെ.ഫൽഗുനൻ, ഫോറസ്റ്റ് ഗാർഡ് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ